**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റം വഴി ഖജനാവിൽ എത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ.കെ.രമ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തണ്ണീർത്തടം നികത്തൽ നിയമത്തിലെ ഇളവുകൾ പ്രകാരം ഭൂമിയുടെ തരംമാറ്റുന്നത് വഴി ഖജനാവിൽ എത്തിയ തുക എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ, നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ല/താലൂക്കുതല സ്ക്വാഡുകളുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മറ്റെല്ലാവിധ ചെലവുകൾക്കുമായി കാർഷിക അഭിവൃദ്ധി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥ ഉള്ളതാണ്.<br><br>മേൽ പ്രകാരമുള്ള വ്യവസ്ഥയിലെ, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ, എന്ന വ്യവസ്ഥ പ്രകാരം, സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസു കളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുട അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, 990 താത്ക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനും, കൂടാതെ, ഐ.റ്റി അനുബന്ധ സൗകര്യങ്ങൾ, ഫീൽഡ് പരിശോധനക്കായുള്ള വാഹനസൗകര്യം, എന്നിവക്കായും നിലവിൽ 21,08,16,909 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 13 പ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കേണ്ട ആവശ്യത്തിലേക്കായി, കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് 10 കോടി രൂപ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത് സംബന്ധിച്ച , ടി തുക ചിലവഴിക്കുന്നതിനനുസൃതമായി, 1 0 കോടി രൂപ കാർഷിക അഭിവൃദ്ധി ഫണ്ടിൽ ക്രമമായി പുനസ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയവും, പ്രാദേശികതല നിരീക്ഷണ സമിതിയിലെ നെൽകർഷക അംഗങ്ങൾക്ക് നിലവിൽ സ്വന്തം വരുമാനത്തിൽ നിന്നുള്ള തുക ചെലവഴി ക്കേണ്ട സാഹചര്യമാണുള്ളതെന്നതിനാൽ, ആയതിനായി കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന വിഷയവും, സർക്കാർ പരിശോധിച്ച് വരുകയാണ് . |
| (ബി) | പ്രസ്തുത തുക തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് വക മാറ്റുന്നതിനുള്ള നിർദേശം ഉയർന്നിട്ടുണ്ടോ; | (ബി) | ഈ വിഷയം റവന്യൂ വകുപ്പിൽ പരിശോധിച്ചിട്ടില്ല. |
| (സി) | ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഈ വിഷയം റവന്യൂ വകുപ്പിൽ പരിശോധിച്ചിട്ടില്ല. |
| (ഡി) | റവന്യൂ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച തുക തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് മാറ്റാനുള്ള നിർദേശം ഉയർന്നുവരാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (ഡി) | ഈ വിഷയം റവന്യൂ വകുപ്പിൽ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

പരാമർശം:- ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്റ്റ് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 22-02-2022 15:36:46**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.278/2022/RD    തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് .
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.10.2022-ലെ LR/3045/2022-LR(R1) നം. കത്ത് .

**ഉത്തരവ്**

സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1)-ലെ ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ, തരം മാറ്റവുമായി ബന്ധപ്പെട്ട് ആകെ 212169 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിച്ചിരുന്നു. ടി അപേക്ഷകളിൽ, 14.11.2022 വരെ 194912 (91.87%) ഓഫ് ലൈൻ അപേക്ഷകളും, 11250 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ സാധിച്ചു. നിലവിൽ 17257 ഓഫ് ലൈൻ അപേക്ഷകളും 151921 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. ഇപ്രകാരം തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടെ, 300 കോടിയോളം രൂപ സർക്കാർ ഖജനാവിലേക്ക് അധികമായി എത്തിച്ചേരുന്നതാണെന്നും, ആയതിനാൽ, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, പരാമർശം (1) പ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി, 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കണമെന്നും, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3 . ടി ആവശ്യത്തിലേക്കായി പുതിയതായി നിയമനം നടത്തുന്ന പക്ഷം, വീണ്ടും പരിശീലനം നൽകി പുതിയ ആളുകളെ നിയമിക്കുന്നത് ശ്രമകരവും സമയ നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ, സ്പെഷ്യൽ ഡ്രൈവ് തുടരുന്നതിനായി, നിയമ/ ചട്ടങ്ങൾ സംബന്ധിച്ചും മറ്റ് സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ചും പരിശീലനം

നൽ കി നിയമിച്ചിട്ടുള്ളവരെ, നിലവിലെ 179 ദിവസത്തെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഹ്രസ്വ കാലത്തേക്ക് വിടുതൽ ചെയ്ത ശേഷം പുനർനിയമിച്ചു കൊണ്ട്, ടിയാളുകളുടെ സേവനം, ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയാൽ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് തടസ്സം കൂടാതെ നടപ്പിലാക്കുവാൻ കഴിയും എന്ന് വിലയിരുത്തുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പൊതു താല്പര്യം പരിഗണിച്ച്, കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽദൗത്യത്തിനായി, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർഉത്തരവിന്റെ അടിസ്ഥാനത്തിൽനിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട്, പുനർനിയമിച്ച് ചുവടെ പറയുന്ന നിബന്ധനകളോടെ ഉത്തരവാകുന്നു.

A) ജൂനിയർസൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

B) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക് 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ക്രമത്തിൽ നിയമിക്കണം

C) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക് , 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

D) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കൽ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

E) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ ക്രമത്തിൽ നിയമിക്കണം

F) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്കിനെ നിയമിക്കണം.

G) 1000- ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

H) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക 35,000/- രൂപ )

I) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് 10 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (15-11-2022-ലെ E-2242858/EXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ഇനം(      )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A& E) , കേരള , തിരുവനന്തപുരം
ഐ & പി.ആർ.ഡി വകുപ്പ് (വിപുലമായ പ്രചാരണത്തിന്)

സ.ഉ.(കൈ) നം.278/2022/RD

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sujith G R
Date: 26-11-2022 15:51:03
സെക്ഷൻ ഓഫീസർ